കളെല്ലാം പുരോഗമിപ്പിക്കുന്നതിനു എന്തു നടപടിയാണെടുക്കേണ്ടതെന്നുള്ളത് ഡോ. റാവുവിന്റെ വിദഗ്ദ്ധമായ അഭിപ്രായം അനുസരിച്ചു ചെയ്യുന്നതായിരിക്കും നല്ലതെന്നാണ് എന്റെ ബോദ്ധ്യം.

വിദ്വാൻ പരീക്ഷകം

*299 [1027] ശ്രീ. എ. വി. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാല മലയാളം, ഹിന്ദി, കർണ്ണാടകം, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിലെ വിദ്വാൻ പരീക്ഷകം നിർത്തലാക്കാൻ തീരുമാനിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അവ നിർത്തലാക്കാതിരിക്കുവാൻ വേണ്ട നടപടി എടുക്കുമോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): (എ) കേരള സർവകലാശാലയുടെ മലയാളം വിദ്വാൻ പരീക്ഷ മാത്രമേ നിറുത്താൻ ഉദ്ദേശിക്കുന്നുള്ളു.

(ബി) ഈ തീരുമാനം പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ. വി. കുഞ്ഞമ്പു: കേരള സർവകലാശാല മലയാളം വിദ്വാൻ പരീക്ഷ നിർത്തുന്നതിന്റെ ഫലമായി മലയാളഭാഷയുടെ നിലവാരത്തിൽ അങ്ങേയറത്തെ കുറവുള്ള പരിതഃസ്ഥിതി കുറെക്കൂടി വഷളായിത്തീരുമെന്ന കാര്യം ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇല്ല.

ശ്രീ. എ. വി. കുഞ്ഞമ്പു: ഇന്ന് മലയാളത്തിൽ 'വിദ്യാർത്ഥി' എന്നതിന് 'വിധ്യാർത്ഥി' എന്നും 'ബോധം' എന്നതിന് 'ഭോധം' എന്നുമെല്ലാം പദശുദ്ധിയില്ലാതെയും അക്ഷരശുദ്ധിയില്ലാതെയും സംസാരിക്കുന്നുണ്ട്. ഇങ്ങനെ മലയാളത്തിന്റെ നിലവാരം താണുകൊണ്ടിരിക്കുന്ന ഈ പരിതഃസ്ഥിതിയിൽ മലയാളം വിദ്വാൻ നിർത്തലാക്കുന്നതുകൊണ്ട് അതു കുറെക്കൂടി താണുപോകും. അതുകൊണ്ട് മലയാളം വിദ്വാൻ നിർത്തലാക്കാതിരിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴും വിദ്വാൻമാർ ഉള്ളതുകൊണ്ടാണോ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കുഴപ്പങ്ങൾ ഉണ്ടാകുന്നത്? ശബ്ദസംബന്ധമായ തകരാറുകൾ ഇപ്പോഴും വിദ്വാൻമാർ ഉള്ളപ്പോഴാണ് വരുന്നത്. ഏതായാലും ശബ്ദശോധിനി എന്ന ഒരു ചാർട്ട് ഉണ്ട്; അത് എല്ലാ സ്കൂളുകളിലും വാങ്ങിക്കാൻ ഏർപ്പാടു ചെയ്യാൻ നോക്കാം.

ശ്രീ. എൻ. കെ. ശേഷൻ: മലയാളത്തിൽ മാത്രമേ വിദ്വാൻ പരീക്ഷ നിറുത്തിയിട്ടുള്ളുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. മറ്റു ഭാഷകളിൽ തുടരുന്നുണ്ടെന്നും പറഞ്ഞു. മലയാള ഭാഷയോടു മാത്രം കേരള സർവ്വകലാശാല ഇങ്ങനെ ഒരു സമീപനം സ്വീകരിക്കാനുണ്ടായ കാരണമെന്താണെന്ന് അറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മലയാളം വിദ്വാൻ വേണ്ടെന്നു വയ്ക്കാൻ തീരുമാനിച്ചതോടുകൂടി തന്നെ കാലക്രമേണ മറ്റു ഭാഷകളിലെ വിദ്വാൻ പരീക്ഷയും നിറുത്തലാക്കണമെന്നുള്ള നയം സർവ്വകലാശാല

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുണ്ട്. മലയാളത്തെ സംബന്ധിച്ചിടത്തോളം ഹൈസ്ക്കൂളുകളിൽ പഠിപ്പിക്കാൻ മലയാളം വിദ്വാൻമാർക്കു പകരം ആവശ്യമുള്ളത്ര മലയാളം ബിരുദധാരികളെ കിട്ടുന്നുണ്ടെന്നാണ് സർവ്വകലാശാലയുടെ അഭിപ്രായം.

ശ്രീ. പി. പി. ജോർജ്ജ്: കേരള സർവ്വകലാശാല മലയാളം വിദ്വാൻ പരീക്ഷകൾ നിറുത്തലാക്കുകയും കാലിക്കട്ടു സർവ്വകലാശാല അതു ആരംഭിക്കുകയും ചെയ്തതിന്റെ കാരണമെന്താണ് ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: രണ്ടു സർവ്വകലാശാലകളുടെയും പ്രവർത്തനങ്ങൾ ഏകീകരിപ്പിക്കാനുള്ള ഏർപ്പാടുകൾ ഫലപ്രദമായി പ്രവർത്തിക്കാത്തതു കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഇപ്പോൾ അതിന് ഒരു മെഷീനറി ഉണ്ടായിട്ടുണ്ട്. ആ മെഷീനറിയുടെ ശ്രദ്ധയിൽ ഈ കാര്യം പെടുത്തിയാൽ മതി.

ശ്രീ. എൻ. കെ. ശേഷൻ: പാരമ്പര്യ ശൈലിയിൽ പഠിക്കുന്നതു കൊണ്ടുണ്ടാകുന്ന കണ്ടൻറും ബി. എ. ക്കു പഠിക്കുന്നതു കൊണ്ടുണ്ടാകുന്ന കണ്ടൻറും തമ്മിൽ വ്യത്യാസമുള്ളതുകൊണ്ടും നമ്മുടെ കുട്ടികളുടെ ഭാഷാപരമായ സ്റ്റാൻഡേർഡ് ഉയർന്നു നിൽക്കണമെന്നുള്ള ആഗ്രഹത്തെ മുൻനിറുത്തിയും ഇത്തരത്തിൽ തന്നെ പാരമ്പര്യശൈലിയിൽ വിദ്യാഭ്യാസം തുടർന്നു പോകുന്നതിന് ആവശ്യമായ നിർദ്ദേശം സർവ്വകലാശാലക്ക് കൊടുക്കാൻ ഗവൺമെൻറു തയ്യാറാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അക്കാഡമിക്കായുള്ള കാര്യങ്ങളിൽ ശ്രീമാൻ ശേഷന് ഒരു അഭിപ്രായമുണ്ടായേക്കാം. സർവ്വകലാശാലക്ക് വേറൊരു അഭിപ്രായവുമുണ്ടായേക്കാം. പക്ഷെ, സർവ്വകലാശാലക്ക് ഗവർമ്മെൻറ് ഒരു നിർദ്ദേശം കൊടുക്കുന്നത് ശരിയായിരിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം.

ശ്രീ. കെ. എം. ജോർജ്ജ്: മലയാളം വിദ്വാൻ പാസ്സായ അധ്യാപകൻമാരും മലയാളം ഐച്ഛികമായെടുത്തു പഠിച്ച് ഡിഗ്രി സമ്പാദിച്ചിട്ടുള്ള അധ്യാപകൻമാരും തമ്മിൽ പഠിപ്പിക്കുന്ന കാര്യത്തിലുള്ള അന്തരം അനുഭവത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ. ഇതു കണക്കിലെടുത്തുകൊണ്ടാണോ മലയാള വിദ്വാൻ പരീക്ഷ നിറുത്തലാക്കാൻ തീരുമാനിച്ചത്. ഞങ്ങളുടെയെല്ലാം അനുഭവം തിരിച്ചയായും മലയാളം വിദ്വാൻ പാസ്സായിട്ടുള്ള അധ്യാപകൻമാരാണ് മെച്ചപ്പെട്ട അധ്യാപകർ എന്നുള്ളതുകൊണ്ട് സർവ്വകലാശാലയുടെ ഈ തീരുമാനം പുനഃപരിശോധന ചെയ്യാൻ വേണ്ട ഏർപ്പാട് ചെയ്യുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വിദ്വാൻ പരീക്ഷ പാസ്സായിട്ടുള്ളവരാണ് ബിരുദധാരികളെക്കാൾ മെച്ചപ്പെട്ട അധ്യാപകൻമാർ എന്നു പറയാൻ സാധ്യമല്ല. ഞങ്ങളൊക്കെ പഠിക്കുന്ന കാലത്ത് ഇതൊന്നും പാസ്സാകാതെ എക്സംഷൻ വാങ്ങി പഠിപ്പിച്ചു കൊണ്ടിരുന്നവർ ഇവരെയെല്ലാംകാൾ നല്ലതുപോലെ പഠിപ്പിച്ചിരുന്നു. ഇന്നത്തെ മലയാളം ബിരുദധാരികൾക്ക് എന്തെങ്കിലും കുറവുണ്ടെങ്കിൽ അതെല്ലാം പരിഹരിച്ച് സർവകലാശാലയുടെ കീഴിൽ പരിശീലനം സമ്പാദിച്ച് വരുന്നവരെ പഠിപ്പിക്കാൻ നിയോഗിക്കുന്നതായിരിക്കും നല്ലതെന്നാണ് സർവകലാശാലയുടെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സ്ക്കൂളുകളിൽ പഠിപ്പിക്കാൻ ആവശ്യമായ ആളുകളെ മറ്റു തുറകളിൽ നിന്നും കിട്ടുമെന്ന അഭിപ്രായത്തിലാണ് ഈ വിദ്വാൻ പരീക്ഷ വേണ്ടെന്നുവച്ചതെന്ന് പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ഓരോ തുറകളിലും പഠിച്ചു പാസ്സായി ജോലിയില്ലാതെ നിൽക്കുന്നവർക്ക് ജോലി കൊടുക്കാനുള്ള ബാധ്യത കൂടി സർവകലാശാലക്കില്ലേ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട മെമ്പർ എഴുതാത്തപുറം വായിക്കുകയാണെന്നാണ് എന്റെ വിശ്വാസം. സർവ്വകലാശാലയുടെ കീഴിൽ മലയാളം ഐച്ഛികവിഷയമായി പഠിപ്പിക്കാനുള്ള ഏർപ്പാടുകളും അതിനാവശ്യമായ പ്രഫസറൻമാരേയും വച്ചിട്ടുണ്ട്. എന്നാൽ വളരെയധികം പണം ചെലവാക്കി കാളേജുകളിൽ പഠിപ്പിക്കുന്നുണ്ടെങ്കിലും അതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. പലപ്പോഴും അവിടെ പഠിക്കാൻ വിദ്യാർത്ഥികളെ കിട്ടാതെ വരുന്നുണ്ട്. കാരണം, ചുരുങ്ങിയ കാലം കൊണ്ട്, മലയാളം വിദ്വാൻ പരീക്ഷ പാസ്സായാൽ ജോലികിട്ടും. അതുകാരണം മലയാളം ഐച്ഛിക വിഷയം പഠിപ്പിക്കുന്ന കാളേജുകളിൽ സീറ്റുകൾ ഒഴിവായി കിടക്കുകയാണ്. ഇതിന് ഒരു മാറ്റം വരുത്തുന്നതിന്, മലയാളം ഐച്ഛികമായി എടുക്കുന്ന ഏർപ്പാട് നശിച്ചു പോകാതിരിക്കുന്നതിനും ഇത് ആവശ്യമാണെന്ന അഭിപ്രായം സർവ്വകലാശാലക്ക് ഉള്ളതുകൊണ്ടാണ് അങ്ങനെ ചെയ്തത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. എ. വി. ആര്യൻ: മലയാളം മാതൃഭാഷയായിട്ടുള്ള കേരള സർവ്വകലാശാല മലയാളം വിദ്വാന്റെ മുകളിൽ തന്നെ ആദ്യമായി കത്തിവച്ചതെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കത്തിവച്ചു എന്നു പറയുന്നതു ശരിയല്ല. ഓരോരുത്തരുടേയും വീക്ഷണത്തെ അടിസ്ഥാനമാക്കിയാണ് ഇതു പറയുന്നത്. മലയാളത്തിന്റെ നിലവാരം ഉയർത്തുകയും മലയാളം അധ്യാപകൻമാരുടെ നിലവാരം ഉയർത്തുകയും ചെയ്യുന്നതിലുള്ള ഓരോരുത്തരുടേയും വീക്ഷണത്തെ അടിസ്ഥാനമാക്കിയാണ് ഇതു നിൽക്കുന്നത്.

ശ്രീ. എ. കെ. അപ്പു: മലയാളം ബിരുദധാരികളും മലയാളം വിദ്വാൻ പാസ്സായിട്ടുള്ളവരേക്കാളും ഉയർന്ന കപ്പാളിഫിക്കേഷനുള്ളവരാണെന്നും അവർക്ക് കൂടുതൽ പരിജ്ഞാനമുണ്ടെന്നും ഉള്ള വിവരം ഗവർമ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതാണ് ഗവർമ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: മലയാളം വിദ്വാൻ പരീക്ഷ പാസ്സായിട്ടുള്ളവർ പഠിപ്പിക്കുന്നതുകൊണ്ട് മലയാളഭാഷാധ്യാപനത്തിന്റെ നിലവാരം താണുപോകുന്നു എന്ന് വല്ല ധാരണയും ഉള്ളതുകൊണ്ടാണോ ഇതു നിറുത്തലാക്കിയത്, അതോ പ്രത്യേക അഭിപ്രായങ്ങളൊന്നും കൂടാതെ ദുശ്ശാഠ്യം കൊണ്ടാണോ നിറുത്തലാക്കിയത് ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇങ്ങനെ ദുസ്സൂചനയോടുകൂടി സംസാരിക്കുന്നതു ശരിയല്ല. ഇതിൽ ദുശ്ശാഠ്യമില്ല. അഭിപ്രായവ്യത്യാസം മാത്രമാണ്. മലയാളം ബിരുദധാരികളാണ് പഠിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ നല്ലത്. അവർക്ക് മറ്റു ഭാഷകളിലും മറ്റു വിഷയങ്ങളിലും പരിജ്ഞാനമുണ്ട്. അങ്ങനെയുള്ള ആളുകളെ മലയാളഭാഷ പഠിപ്പിക്കുന്നതാണ് നല്ലത്. ഇതാണ് ഒരുകൂട്ടരുടെ അഭിപ്രായം.

വേറൊരു കൂട്ടരുടെ അഭിപ്രായം, സ്ക്കൂൾ ഫൈനൽ പാസ്സായി വിദ്വാൻ പരീക്ഷയും പാസ്സായി വരുന്നവരാണ് പഠിപ്പിക്കാൻ കഴിവുള്ളവർ എന്നാണ്. ഈ രണ്ട് അഭിപ്രായങ്ങളും തമ്മിലുള്ള ഒരു സംഘട്ടനമാണ്. അതിനെ ദുശ്ശാഠ്യം എന്നു പറയുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. പി. പി. വിൽസൺ: മലയാളം വിദ്വാൻ പരീക്ഷ നിറുത്തലാക്കിയതുകൊണ്ട്, കാളേജിൽ ചേർന്നു പഠിക്കാൻ നിവൃത്തിയില്ലാത്തവരും പാണ്ഡിത്യം സമ്പാദിക്കാനുള്ള യോഗ്യതയുള്ളവരുമായ ആളുകൾക്ക് സ്വകാര്യമായി പഠിച്ച് പാണ്ഡിത്യം സമ്പാദിക്കുവാനുള്ള അവസരം നഷ്ടപ്പെട്ടുപോകുന്നുണ്ടെന്നുള്ള വിവരം അറിയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ നഷ്ടപ്പെട്ടു പോകുന്നുണ്ട്.

വൈദ്യുതീകരിക്കപ്പെട്ട വില്ലേജുകൾ

* 300 [1028] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴിഞ്ഞ രണ്ടുവർഷമായി വൈദ്യുതീകരിക്കപ്പെട്ട വില്ലേജുകൾ എത്ര;

(ബി) ഗ്രാമീണ വൈദ്യുതീകരണത്തിനായി നീക്കിവച്ച സംഖ്യ മുഴുവനും ചിലവഴിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയെന്നും, ഇല്ലെങ്കിൽ കാരണമെന്താണെന്നും പറയുമോ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിനന്ദൻ നായർ):

(എ) 1967-68-ലും 1968-69-ലും ആയി 37 വില്ലേജുകൾ പുതുതായി വൈദ്യുതീകരിക്കപ്പെട്ടു.

(ബി, സി) ഗ്രാമവൈദ്യുതീകരണത്തിനായി 1967-68-ൽ 425 ലക്ഷം രൂപയും 1968-69-ൽ 300 ലക്ഷം രൂപയും ഉൾക്കൊള്ളിച്ചിരുന്നു. ഓരോ വർഷത്തിലും യഥാക്രമം 397.48 ലക്ഷം രൂപയും 300.37 ലക്ഷം രൂപയും ആണ് ചെലവായത്.

1968-69-ൽ നീക്കിവച്ചിരുന്ന തുകയേക്കാൾ ചെലവായി. എന്നാൽ 1967-68-ൽ നീക്കിവച്ചിരുന്ന തുകയേക്കാൾ 27.52 ലക്ഷം രൂപാ കുറവാണ് ചെലവായത്. 1967-68-ലാണ് എലക്ട്രിസിറ്റി ബോർഡിന്റെ ക്രാഷ് പ്രോഗ്രാം തുടങ്ങിയത്. എന്നാൽ ഈ പരിപാടി നടപ്പിലാക്കാനാവശ്യമായ സ്റ്റാഫ്, വാഹനങ്ങൾ, സാധനസാമഗ്രികൾ ഇവ സമയത്തിനു ലഭിച്ചില്ല. അതാണ് ചെലവുകുറയാൻ കാരണം.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: വൈദ്യുതീകരിക്കപ്പെട്ട വില്ലേജുകൾ കണ്ണൂർ ജില്ലയിൽ എത്രയുണ്ടെന്നു പറയാമോ?

ശ്രീ. എം. എൻ. ഗോവിനന്ദൻ നായർ: അതിന്റെ ലിസ്റ്റ് ഇപ്പോൾ എന്റെ കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly